**ചരമോപചാരം**

മി. സ്പീക്കർ: മുൻമന്ത്രിയും ഡെപ്യൂട്ടി സ്പീക്കറുമായിരുന്ന കെ.നാരായണക്കുറുപ്പ്, മുൻമന്ത്രി എ.സി. ഷൺമുഖദാസ്, മുൻ നിയമസഭാംഗങ്ങളായ എം.കെ. പുരുഷോത്തമൻ, സി.ബി.സി. വാര്യർ, മാലേത്ത് ഗോപിനാഥ പിള്ള, തെങ്ങമം ബാലകൃഷ്ണൻ എന്നിവർ നിര്യാതരായി.

**കെ. നാരായണക്കുറുപ്പ്**

മുൻ മന്ത്രിയും ഡെപ്യൂട്ടി സ്പീക്കറുമായിരുന്ന കെ. നാരായണക്കുറുപ്പ് 2013 ജൂൺ 26-ന് അന്തരിച്ചു.

കോട്ടയം ജില്ലയിലെ കറുകച്ചാലിൽ കെ.പി. കൃഷ്ണൻ നായരുടെയും കുട്ടിയമ്മയുടെയും മകനായി 1927 ഒക്ടോബർ 23-ന് കെ. നാരായണക്കുറുപ്പ് ജനിച്ചു. വിദ്യാർത്ഥിയായിരിക്കെ പൊതുപ്രവർത്തന രംഗത്ത് സജീവമായ കെ. നാരായണക്കുറുപ്പ് അഭിഭാഷകനായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. 1954-ൽ തിരു-കൊച്ചി നിയമസഭയിലേയ്ക്ക് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. 1963-ൽ വാഴൂർ നിയോജകമണ്ഡലത്തിൽനിന്നും ഉപതെരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പ്രതിനിധിയായി രണ്ടാം കേരള നിയമസഭയിൽ അംഗമായ അദ്ദേഹം 1970-ൽ കേരള കോൺഗ്രസ്സ് പ്രതിനിധിയായി നാലാം നിയമസഭയിലേയ്ക്കും 1977-ൽ അഞ്ചാം നിയമസഭയിലേയ്ക്കും കേരള കോൺഗ്രസ്സ് (എം) പ്രതിനിധിയായി 1991-ലും 1996-ലും 2001-ലും നിയമസഭയിലേയ്ക്ക് വാഴൂർ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടു. 1977-79 കാലയളവിൽ സി. അച്ചുതമേനോൻ, കെ.

കരുണാകരൻ, പി. കെ. വാസുദേവൻ നായർ, ശ്രീ. എ. കെ. ആന്റണി എന്നിവരുടെ നേതൃത്വത്തിലുള്ള 4 മന്ത്രിസഭകളിൽ അദ്ദേഹം അംഗമായിരുന്നിട്ടുണ്ട്. 1991 മുതൽ 1996 വരെ ഡെപ്യൂട്ടി സ്പീക്കർ പദവി വഹിച്ച അദ്ദേഹം 1995 മേയ് 4 മുതൽ ജൂൺ 26 വരെ സ്പീക്കറുടെ ചുമതലയും വഹിക്കുകയുണ്ടായി. പെറ്റീഷൻസ് കമ്മിറ്റി, ഹൗസ് കമ്മിറ്റി എന്നിവയുടെ ചെയർമാനായും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അംഗമായും സ്തുത്യർഹമായ സേവനമാണ് അദ്ദേഹം കാഴ്ച വച്ചത്. രണ്ട് പതിറ്റാണ്ടിലധികം കറുകച്ചാൽ പഞ്ചായത്ത് പ്രസിഡന്റായിരുന്ന കെ. നാരായണക്കുറുപ്പ് ചങ്ങനാശ്ശേരി സർക്കിൾ കോ-ഓപ്പറേറ്റീവ് യൂണിയൻ പ്രസിഡന്റ്, കേരള യൂണിവേഴ്സിറ്റി സെനറ്റംഗം, എൻ.എസ്.എസ്. ഡയറക്ടർ ബോർഡ് അംഗം എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്. നാടകരചന, അഭിനയം തുടങ്ങിയ സാംസ്കാരിക പ്രവർത്തനങ്ങളിൽ തത്പരനായിരുന്ന അദ്ദേഹം കോളേജ് അദ്ധ്യാപകനായും പ്രവർത്തിച്ചിട്ടുണ്ട്.

ഗഹനമായ വിഷയങ്ങൾ സരസമായി സഭയിൽ അവതരിപ്പിക്കുന്നതിന് കെ. നാരായണക്കുറുപ്പിന് ഒരു പ്രത്യേക കഴിവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം സഭ എപ്പോഴും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കേരള നിയമസഭയ്ക്ക് മുമ്പുള്ള നിയമനിർമ്മാണസഭയിൽ അംഗമായിരുന്നവരിൽ സമകാലിക രാഷ്ട്രീയത്തിൽ സജീവമായിരുന്ന ചുരുക്കം ചിലരിൽ പ്രധാനിയായിരുന്നു കെ. നാരായണക്കുറുപ്പ്. നമ്മുടെ സഭയിലെ അംഗമായ ഡോ. എൻ. ജയരാജ് അദ്ദേഹത്തിന്റെ മകനാണ്.

കേരള കോൺഗ്രസ്സ് സ്ഥാപക നേതാക്കളിൽ ഒരാളായിരുന്ന കെ. നാരായണക്കുറുപ്പിന്റെ നിര്യാണത്തോടെ സാംസ്കാരിക -

പൊതുപ്രവർത്തന രംഗങ്ങളിൽ കഴിവ് തെളിയിച്ച ഒരു ബഹുമുഖപ്രതിഭ യേയും മികച്ച ഭരണാധികാരിയേയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

**എ.സി. ഷൺമുഖദാസ്**

മുൻമന്ത്രി എ.സി. ഷൺമുഖദാസ് 2013 ജൂൺ 27-ന് അന്തരിച്ചു.

കണ്ണൂർ ജില്ലയിലെ ധർമ്മടത്ത് കുഞ്ഞിരാമന്റെയും ശാരദാമ്മയുടെയും മകനായി 1939 ജനുവരി 5-ന് എ.സി. ഷൺമുഖദാസ് ജനിച്ചു. കെ.എസ്.യു.-വിൽക്കൂടിയാണ് എ. സി. ഷൺമുഖദാസ് പൊതുപ്രവർത്തന രംഗത്ത് എത്തിയത്. 1970 മുതൽ 7 തവണ ബാലുശ്ശേരി നിയോജകമണ്ഡ ലത്തെ പ്രതിനിധീകരിച്ച അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പ്രതിനി ധിയായി നാലാം കേരള നിയമസഭയിലേയ്ക്ക് 1970-ൽ ആദ്യമായി തെരഞ്ഞെ ടുക്കപ്പെട്ടു. 1980-ൽ ആറാം കേരള നിയമസഭയിൽ കോൺഗ്രസ്സ് (യു) പ്രതി നിധിയായും തുടർന്ന് 1982, 1987, 1991, 1996 എന്നീ വർഷങ്ങളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് (എസ്) പ്രതിനിധിയായും 2001-ൽ എൻ.സി.പി. പ്രതിനിധിയായും കേരള നിയമസഭയിൽ അംഗമായി. 1980–81, 1987–91, 1996 –2000 എന്നീ കാലയളവുകളിൽ ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭകളിൽ സാമൂഹ്യവികസനം, ആരോഗ്യം, കായികം തുടങ്ങി വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അംഗ മായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

കെ.എസ്.യു., യൂത്ത് കോൺഗ്രസ്സ് എന്നിവയുടെ സംസ്ഥാന സെക്ര ട്ടറി, കെ.പി.സി.സി. സെക്രട്ടറി, കോഴിക്കോട്, മലപ്പുറം ഡി.സി.സി. സെക്രട്ടറി, കോഴിക്കോട് ഡി.സി.സി. പ്രസിഡന്റ്, കോൺഗ്രസ്സ് (എസ്) അഖിലേന്ത്യാ

ട്രഷറർ, എൻ.സി.പി. സംസ്ഥാന പ്രസിഡന്റ്, മലബാർ മേഖല ക്യാൻഫെഡ് ചെയർമാൻ, കേരള ഗ്രന്ഥശാലാ സംഘം കൺട്രോൾ ബോർഡ് അംഗം തുട ങ്ങിയ ചുമതലകൾ വഹിച്ചിരുന്ന അദ്ദേഹം നിലവിൽ എൻ.സി.പി. ദേശീയ പ്രവർത്തക സമിതി അംഗമായിരുന്നു.

നഗരസ്വത്തുക്കളിന്മേൽ പരിധി ഏർപ്പെടുത്തണമെന്ന എ.സി. ഷൺമുഖ ദാസിന്റെ അനൗദ്യോഗിക പ്രമേയം 13-11-1970-ൽ സഭ പാസ്സാക്കിയിരുന്നു. ഒരു നവാഗതൻ കൊണ്ടുവന്ന പ്രസ്തുത പ്രമേയം അന്ന് കേരളീയ ജനത പരക്കെ ചർച്ച ചെയ്തിരുന്നു.

പൊതുപ്രവർത്തനത്തിന്റെ നന്മയും വിശുദ്ധിയും ജീവിതകാലം മുഴുവൻ കാത്തുസൂക്ഷിച്ച എ.സി. ഷൺമുഖദാസ് തന്റെ ആദർശങ്ങളിൽ വിട്ടുവീഴ്ച കാണിക്കാത്ത നേതാവായിരുന്നു. രാഷ്ട്രീയത്തിന് അതീതമായ സൗഹൃദവലയം കേരളത്തിലുടനീളം നിലനിർത്തിയിരുന്നു. അദ്ദേഹത്തിന്റെ വിയോഗം നമ്മുടെ രാഷ്ട്രീയ-സാമൂഹിക മേഖലകളിൽ വലിയൊരു വിടവാണ് സൃഷ്ടിച്ചിരിക്കുന്നത്.

**എം.കെ. പുരുഷോത്തമൻ**

മുൻ കേരള നിയമസഭാംഗം എം.കെ. പുരുഷോത്തമൻ 2013 ജൂൺ 9-ന് അന്തരിച്ചു.

എറണാകുളം ജില്ലയിൽ എടവനക്കാട് മാരാത്തറ അയ്യപ്പന്റെയും കുറുംബയുടെയും മകനായി 1961 മേയ് 6-ന് എം.കെ. പുരുഷോത്തമൻ ജനിച്ചു. തൊഴിലാളി സംഘടനാ പ്രവർത്തനത്തിലൂടെ സജീവരാഷ്ട്രീയത്തിൽ എത്തിയ എം.കെ. പുരുഷോത്തമൻ 2006-ൽ ഞാറക്കൽ നിയോജകമണ്ഡല ത്തിൽനിന്നും സി.പി.ഐ(എം) പ്രതിനിധിയായി പന്ത്രണ്ടാം കേരള നിയമസഭ

യിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. പട്ടികജാതി ക്ഷേമം സംബന്ധിച്ച സമിതി, മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി എന്നിവയിൽ അംഗമായിരുന്നു.

1979 മുതൽ 1986 വരെ എടവനക്കാട് ഗ്രാമ പഞ്ചായത്ത് അംഗം, 1990-ൽ എറണാകുളം ജില്ലാ കൗൺസിൽ അംഗം, 2006-ൽ എടവനക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നീ പദവികൾ വഹിച്ചിട്ടുള്ള അദ്ദേഹം സി.പി.ഐ.(എം) ജില്ലാ കമ്മിറ്റി അംഗം, കെ.എസ്.കെ.റ്റി.യു. സംസ്ഥാന കമ്മിറ്റി അംഗം, പട്ടികജാതി ക്ഷേമസമിതി എറണാകുളം ജില്ലാ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു.

എം.കെ. പുരുഷോത്തമന്റെ നിര്യാണത്തോടെ മികച്ച ഒരു തൊഴിലാളി നേതാവിനേയും കഴിവുറ്റ ഒരു സംഘാടകനേയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

**<u>സി.ബി.സി. വാര്യർ</u>**

മുൻ കേരള നിയമസഭാംഗം സി.ബി.സി. വാര്യർ 2013 ജൂൺ 17-ന് അന്തരിച്ചു.

ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് ചെമ്പകശ്ശേരി വാര്യത്ത് ബാലകൃഷ്ണവാര്യരുടേയും ലക്ഷ്മിയുടേയും മകനായി 1932 ഒക്ടോബർ 30-ന് സി.ബി.സി. വാര്യർ ജനിച്ചു. വിദ്യാർത്ഥിയായിരിക്കെ സ്റ്റുഡന്റ്സ് ഫെഡറേഷന്റെ സജീവ പ്രവർത്തനകനായിരുന്നു സി.ബി.സി. വാര്യർ. അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം പിന്നീട് അഭിഭാഷകനായി മാറി. ഹരിപ്പാട് നിയോജകമണ്ഡലത്തിൽനിന്നും സി.പി.ഐ (എം) പ്രതിനിധിയായി 1967-ൽ മൂന്നാം കേരള നിയമസഭയിലും, 1970-ൽ നാലാം കേരള നിയമസഭയിലും

1980-ൽ ആറാം കേരള നിയമസഭയിലും അംഗമായ അദ്ദേഹം 1974-75 കാലയളവിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാനായും, 1980-82 കാലയളവിൽ എസ്റ്റിമേറ്റ്സ് കമ്മിറ്റി അംഗമായും മികച്ച പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. നിയമസഭയിൽ, നിയമനിർമ്മാണ വേളയിൽ സജീവമായി പങ്കെടുക്കുകയും കഴമ്പുള്ള നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

കേരള കർഷക സംഘത്തിന്റെ പ്രവർത്തനങ്ങളിൽ സജീവമായിരുന്ന സി.ബി.സി. വാര്യർ തൊഴിലാളി പ്രസ്ഥാനങ്ങളുടെ നേതാവെന്ന നിലയിലും ശ്രദ്ധേയനായിരുന്നു. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി താലൂക്ക് സെക്രട്ടറി, ജില്ലാ സെക്രട്ടേറിയറ്റ് അംഗം, സി.പി.ഐ.(എം) ആലപ്പുഴ ജില്ലാ കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം സി.പി.ഐ.(എം) ഹരിപ്പാട് ഏരിയാ സെന്റർ അംഗം, സി.ഐ.ടി.യു. സംസ്ഥാന കമ്മിറ്റി അംഗം, സി.ഐ.ടി.യു. ആലപ്പുഴ ജില്ലാ വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു.

സി.ബി.സി. വാര്യരുടെ നിര്യാണത്തോടെ മികച്ച ഒരു ട്രേഡ് യൂണിയൻ നേതാവിനെയും കഴിവുറ്റ സാമാജികനേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

**മാലേത്ത് ഗോപിനാഥപിള്ള**

ഒന്നാം കേരള നിയമസഭയിൽ അംഗമായിരുന്ന മാലേത്ത് ഗോപിനാഥപിള്ള 2013 ജൂൺ 20-ന് അന്തരിച്ചു.

പത്തനംതിട്ട ജില്ലയിലെ ആറന്മുള മാലേത്ത് കൊച്ചുകേശവപിള്ളയുടെയും പാർവ്വതിപിള്ളയുടെയും മകനായി 1928 ജൂലൈ 2-ന് മാലേത്ത് ഗോപിനാഥപിള്ള ജനിച്ചു.

വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുപ്രവർത്തന രംഗത്തെത്തിയ മാലേത്ത് ഗോപിനാഥപിള്ള തിരുവിതാംകൂർ സ്റ്റുഡന്റ്സ് കോൺഗ്രസ്സിന്റെ സ്ഥാപക അംഗമായിരുന്നു. അഭിഭാഷകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം ആറന്മുള നിയോജകമണ്ഡലത്തിൽനിന്നും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പ്രതിനിധിയായി 1957-ൽ ഒന്നാം കേരള നിയമസഭയിലേയ്ക്കും 1960-ൽ രണ്ടാം കേരള നിയമസഭയിലേയ്ക്കും തെരഞ്ഞെടുക്കപ്പെട്ടു. മികച്ച പ്രാസംഗികനായി അറിയപ്പെട്ടിരുന്ന അദ്ദേഹം രണ്ടാം കേരള നിയമസഭയിൽ കോൺഗ്രസ്സ് പാർലമെന്ററി പാർട്ടി സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ചെങ്ങന്നൂർ മണ്ഡലം സെക്രട്ടറി, ആലപ്പുഴ ഡി.സി.സി. ജനറൽ സെക്രട്ടറി, കെ.പി.സി.സി. അംഗം, എൻ.എസ്.എസ്. ഡയറക്ടർ ബോർഡ് അംഗം, ആറന്മുള പള്ളിയോട സേവാസംഘം പ്രസിഡന്റ് തുടങ്ങിയ ചുമതലകളും അദ്ദേഹം വഹിച്ചിട്ടുണ്ട്.

മാലേത്ത് ഗോപിനാഥപിള്ളയുടെ നിര്യാണത്തോടെ സംശുദ്ധ രാഷ്ട്രീയത്തിന്റെ വക്താവായ പൊതുപ്രവർത്തകനേയും മികച്ച ഒരു സംഘാടകനേയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

**തെങ്ങമം ബാലകൃഷ്ണൻ**

മുൻ കേരള നിയമസഭാംഗം തെങ്ങമം ബാലകൃഷ്ണൻ 2013 ജൂലൈ 3-ന് അന്തരിച്ചു.

കൊല്ലം ജില്ലയിൽ തെങ്ങമത്ത് മാധവന്റേയും നാണിയമ്മയുടെയും മകനായി 1927 ഏപ്രിൽ 1-ന് തെങ്ങമം ബാലകൃഷ്ണൻ ജനിച്ചു.

കടമ്പനാട് യു.പി. സ്കൂൾ ഇരുമ്പനങ്ങാട് ഗവൺമെന്റ് ഹൈസ്കൂൾ, കൊല്ലം എസ്.എൻ. കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം നേടിയ അദ്ദേഹം കിഴക്കേകല്ലട സ്കൂൾ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. സ്കൂൾ വിദ്യാഭ്യാസ കാലത്തുതന്നെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട തെങ്ങമം ബാലകൃഷ്ണൻ സ്റ്റുഡൻസ് ഫെഡറേഷനിലൂടെയാണ് രാഷ്ട്രീയരംഗത്ത് വന്നത്.

1970-ൽ അടൂരിൽനിന്നും സി.പി.ഐ. അംഗമായി കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭയുടെ പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി, ലൈബ്രറി ഉപദേശക സമിതി, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി എന്നിവയിൽ അംഗമായിരുന്നു.

ജനയുഗം പത്രത്തിന്റെ ചീഫ് എഡിറ്റർ ആയിരുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗം, കേരള ഗ്രന്ഥശാലാ സംഘം വൈസ് പ്രസിഡന്റ്, ഗ്രന്ഥലോകം എഡിറ്റർ, ക്യാൻഫെഡ് സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഡയറക്ടർ എന്നീ പദവികൾ വഹിച്ചിട്ടുള്ള തെങ്ങമം ബാലകൃഷ്ണൻ എന്നും വായനയുടെ ലോകത്തായിരുന്നു. പുസ്തകങ്ങളെ സ്നേഹിക്കുകയും അറിവുകൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്തിരുന്ന അദ്ദേഹം പൊതുപ്രവർത്തകർക്ക് ഒരു മാതൃകയായിരുന്നു.

തെങ്ങമം ബാലകൃഷ്ണന്റെ നിര്യാണത്തോടെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക രംഗത്തെ കഴിവുറ്റ ഒരു പ്രവർത്തകനെയും മികച്ച ഒരു പത്രപ്രവർത്തകനെയും എഴുത്തുകാരനേയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

അന്തരിച്ച മഹദ് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റു നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു)

(പൊതുജനങ്ങൾക്ക് ഗാലറിയിൽ പ്രവേശനം നിഷേധിച്ചതിനെ ചോദ്യം ചെയ്തുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചു)

മി. സ്പീക്കർ: റൂൾ 50 പ്രകാരം ഒരു നോട്ടീസ് കിട്ടിയിട്ടുണ്ട്. ബഹളമുണ്ടാക്കേണ്ട, റൂൾ 50 അനുവദിക്കുകയാണ്. അതിനുമുമ്പ് ഒരു കാര്യം പറയാനയുള്ളത്, സോളാർ തട്ടിപ്പുകേസ്സിലെ പരാതിക്കാരൻ ശ്രീ. ആർ. ശ്രീധരൻനായർ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ക്രിമിനൽ നടപടി ചട്ടം 164 പ്രകാരം നൽകിയ സ്റ്റേറ്റ്മെന്റ് സംബന്ധിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ അടിയന്തരപ്രമേയ നോട്ടീസിൽ പരാമർശിച്ചിട്ടുണ്ട്. ശ്രീ. ആർ. ശ്രീധരൻനായർ നൽകിയ രഹസ്യമൊഴിയുടെ പകർപ്പ് ഇതുവരെ ലഭ്യമായിട്ടില്ല. അദ്ദേഹം കോടതിയിൽ എന്താണ് മൊഴി നൽകിയത് എന്ന കാര്യം ക്രിമിനൽ നടപടി ചട്ടം 226 അനുസരിച്ച് അപേക്ഷ നൽകി മൊഴിപ്പകർപ്പ് ലഭ്യമായാൽ മാത്രമേ മനസ്സിലാകുകയുള്ളു. ഈ സാഹചര്യത്തിൽ അക്കാര്യം പരാമർശിക്കുന്നത് ചട്ടപ്രകാരം ശരിയല്ല. ഇന്നത്തെ അടിയന്തരപ്രമേയനോട്ടീസിന് ആധാരമായ കാര്യം ജൂൺ മാസം 13, 17, 18, 19, 20, 24 എന്നീ തീയതികളിൽ സഭ മുമ്പാകെ അടിയന്തരപ്രമേയ നോട്ടീസായി പരാമർശിക്കപ്പെട്ടതും ജൂൺ മാസം 14-ാം തീയതി സബ്മിഷൻ രൂപത്തിലും വന്നതാണ് എന്നുള്ള കാര്യം കൂടി ചെയർ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു, എന്നാലും അനുവദിക്കുകയാണ്. സഭയുടെ ശ്രദ്ധയിലേയ്ക്കായി ഞാൻ മറ്റൊന്നുകൂടി ഇവിടെ വായിക്കുകയാണ്;

"Visitors will not be admitted to the Public/ Speaker's/Distinguished Visitors' galleries of the Assembly Chamber on 17th July 2000.

Dr. N.K. Jayakumar,
Secretary. "

ഇതിൽനിന്ന് മനസ്സിലാകുന്നത് ഇങ്ങനെ മുമ്പും ഇവിടെ സംഭവിച്ചിട്ടുണ്ട് എന്നുള്ളതാണ്.